# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 205** **04.10.2016- ൽ മറുപടിക്ക്**

## വിദ്യാർത്ഥികൾക്ക് യൂണിഫോമിനായി കൈത്തറിത്തുണി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.സണ്ണി ജോസഫ് | | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾ നിർമ്മിക്കുന്ന തുണി വിദ്യാർത്ഥികൾക്ക് യൂണിഫോമായി നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ ഈ പദ്ധതി വഴി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) & (ബി) | സംസ്ഥാനത്തെ സർക്കാർ-എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ 25 ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം അടുത്ത അദ്ധ്യയന വർഷം മുതൽ വിതരണം ചെയ്യുന്ന ഒരു ബൃഹത് പദ്ധതി സർക്കാർ ആസൂത്രണം ചെയ്തു വരുന്നു. കേരളത്തിൽ തന്നെ ഉൽപാദിപ്പിക്കുന്ന കൈത്തറി തുണി ഉൽപന്നങ്ങൾ പരമാവധി ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 200 ദിവസത്തിൽ കുറയാത്ത തൊഴിൽദിനങ്ങൾ കൈത്തറി മേഖലയ്ക്ക് നൽകാനാണ് ഈ പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. മാത്രമല്ല നിലവിലുള്ള തറികൾ നവീകരിക്കുന്നതിനും, കൂടുതൽ തറികൾ സ്ഥാപിച്ച് പരിശീലനം ലഭിച്ച നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. കേരളത്തിലെ ടെക്സ്റ്റൈൽ മേഖലയുടെ സമഗ്രമായ വികസനവും ആധുനികവത്കരണവും അതിലൂടെ സമൂഹത്തിന്റെ മൊത്തം വികസനവുമാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (സി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (സി) & (ഡി) | ഏകദേശം 25 ലക്ഷത്തോളം സ്കൂൾ കുട്ടികൾക്ക് രണ്ട് സെറ്റ് യൂണിഫോം വീതം നൽകാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതിന് ഏകദേശം ഒരു കോടി മുപ്പത് ലക്ഷം മീറ്റർ തുണി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു. ഇതു സംബന്ധിച്ച് കൈത്തറി ഡയറക്ടർ സമർപ്പിച്ച |

പദ്ധതി രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു. പ്രസ്തുത രൂപരേഖയുടെ അടിസ്ഥാനത്തിൽ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഏകദേശം 230 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ടി രൂപരേഖ പ്രകാരം കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കൈത്തറി തുണി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും കൂടുതൽ തറികൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

പദ്ധതി നിർവ്വഹണം ഫലപ്രദമായി വിലയിരുത്തുന്നതിനും മേൽനോട്ടത്തിനുമായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കൈത്തറി മേഖലയുടെ നവീകരണം, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കൽ, ടെക്സ്റ്റൈൽ മേഖലയുടെ സമഗ്രമായ നവീകരണം എന്നിവ ലക്ഷ്യമിടുന്നു. അടുത്ത അദ്ധ്യന വർഷം മുതലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

(ഡി) ഏത് അദ്ധ്യയന വർഷം മുതലാണ് ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാൻ ലക്ഷ്യമിടുന്നത്?

സെക്ഷൻ ഓഫീസർ